## V സബ്മിഷൻ

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരോടും അംഗങ്ങളോടും ഒരു അപേക്ഷയുണ്ട്. ഇന്ന് ധനകാര്യ ബില്ലിന്മേൽ മൂന്ന് മണിക്കൂർ ചർച്ചയുണ്ട്. അതിനുശേഷം മൂന്ന് നിയമങ്ങൾ, 2024-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും തുടർന്ന് ക്ലോസ് ബൈ ക്ലോസ് ചർച്ചയും നടത്തേണ്ടതുണ്ട്. ആയതിനാൽ, ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും സബ്മിഷന്റെ സാരാംശം മാത്രം അവതരിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(1) വേമ്പനാട് കായൽ ശുചീകരണത്തിന് പ്രത്യേക പദ്ധതി

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 1512 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വേമ്പനാട് കായൽ ഇന്ന് നിരവധി പാരിസ്ഥിതിക

വെല്ലുവിളികൾ നേരിടുകയാണ്. കായലിന്റെ പുനരുദ്ധാരണത്തിനുവേണ്ടി സമഗ്രമായ ഒരു പദ്ധതിക്ക് രൂപം കൊടുക്കേണ്ടതുണ്ട്. വളരെ മാതൃകാപരമായി ആലപ്പുഴ ജില്ലയിൽ 28 ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തും മുനിസിപ്പാലിറ്റിയും ജില്ലാ ഭരണകൂടവും മുൻകൈയെടുത്തുകൊണ്ടും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്രമായ പദ്ധതിയിലൂടെ ഏകദേശം 1.8 കോടി രൂപ ചെലവഴിച്ച് ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി, കായലിൽനിന്ന് ഏകദേശം 12 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളടക്കം നിർമാർജ്ജനം ചെയ്യുവാൻ കഴിയുകയുണ്ടായി. ഇന്ന് വേമ്പനാട് കായലിനെ സംബന്ധിച്ചിടത്തോളം പ്ലാസ്റ്റിക് മാലിന്യങ്ങളും പോളപ്പായലുംമൂലം വലിയ പാരിസ്ഥിതിക പ്രശ്നങ്ങളാണ് നേരിടുന്നത്. ഇപ്പോൾ ആരംഭിച്ചിട്ടുള്ള 'പ്ലാസ്റ്റിക് വിമുക്ത വേമ്പനാട്' എന്ന പദ്ധതി ആലപ്പുഴയിൽ മാത്രമായി നിലനിൽക്കുകയാണ്. അതുകൊണ്ട്, പ്രസ്തുത പദ്ധതി എറണാകുളം, കോട്ടയം ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി സംസ്ഥാന സർക്കാർതന്നെ മുൻകൈയെടുത്തുകൊണ്ട്

ഒരു സമഗ്ര പദ്ധതിയെന്ന നിലയിൽ ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വളരെ പ്രധാനപ്പെട്ട ഈ പ്രശ്നം ഉന്നയിച്ചതിന് ബഹുമാനപ്പെട്ട എം.എൽ.എ. പി. പി. ചിത്തരഞ്ജനെ ഞാൻ അഭിനന്ദിക്കുകയാണ്. ചുരുക്കി മാത്രമേ ഞാൻ മറുപടി പറയുന്നുള്ളൂ. എല്ലാവർക്കും അറിയുന്നതുപോലെ വീടുകൾ, സ്ഥാപനങ്ങൾ, ഹൗസ് ബോട്ടുകൾ എന്നിവയിൽനിന്നുള്ള കക്കൂസ് മാലിന്യങ്ങളുൾപ്പെടെയുള്ളവയാണ് വേമ്പനാട് കായലിനെ മലിനമാക്കുന്നത്. വളരെ ഗുരുതരമായിട്ടുള്ള ഒരു മലിനീകരണ പ്രശ്നമായി അത് മാറിയിട്ടുണ്ട്. അത് തടയുന്നതിന് ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് മുനിസിപ്പൽ തലങ്ങളിലും ജില്ലാതലത്തിലുമുള്ള സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. 932 സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നോട്ടീസ് നൽകി. 51,50,000 രൂപ പിഴ ചുമത്തിയിട്ടുമുണ്ട്.

ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ രണ്ട് ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളും അഞ്ച് ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റുകളും അഞ്ച് മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകളും സ്ഥാപിക്കും. കഴിഞ്ഞ ദിവസം ഞാൻ സഭയിൽ പറഞ്ഞതുപോലെ ആലപ്പുഴ, ചേർത്തലയിൽ 250 KLD ശുചിമുറി മാലിന്യ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. മുനിസിപ്പാലിറ്റിയിൽ രണ്ട് മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റിൽ ഒന്ന് ഇതിനകം വാങ്ങുകയും മറ്റൊന്നിന്റെ ട്രയൽ റൺ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലും മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റ് വാങ്ങി. എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനിൽ 1 MLD (ദശലക്ഷം ലിറ്റർ) കക്കൂസ് മാലിന്യം സംസ്കരിക്കുന്ന പ്ലാന്റ് മരട് 1 MTU എന്നിവ ഏറ്റെടുത്തിട്ടുണ്ട്. ആലപ്പുഴ നഗരസഭയ്ക്കുകീഴിൽ ജനറലാശുപത്രിയിൽ 240 KLD പ്ലാന്റ്, ആലിശ്ശേരി വാർഡിൽ 5000 KLD ശേഷിയുള്ള FSTP, ഭജനമഠം സെറ്റിൽമെന്റ് കോളനിയിൽ 12 KLD ശേഷിയുള്ള STP എന്നിവയെല്ലാം നിലവിൽ സ്ഥാപിച്ചുകഴിഞ്ഞു. കളക്ടറുടെ നേതൃത്വത്തിൽ വേമ്പനാട് കായൽ ശുചീകരിക്കുന്നതിനുവേണ്ടിയുള്ള വിപുലമായ ഒരു പരിപാടി നടപ്പിലാക്കുന്നു.

ജില്ലാ പഞ്ചായത്തും ഒരു പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സമഗ്രമായ നടപടികളാണ് സർക്കാരും തദ്ദേശസ്ഥാപനങ്ങളും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

## (2) മണിമല വില്ലേജിലെ റവന്യൂ ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറാൻ നടപടി

ഡോ. എൻ. ജയരാജ്: സർ, മണിമല വില്ലേജിലെ റവന്യൂ ഭൂമി ഭിന്നശേഷി ഗ്രാമത്തിനുവേണ്ടി വിട്ടുനൽകണമെന്നുള്ള ആവശ്യത്തിന് ഒന്നരവർഷത്തിന്റെ പഴക്കമുണ്ട്. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഇത്തരമൊരു പദ്ധതിക്കുവേണ്ടി സർക്കാർ വിഭാവനം ചെയ്തുതന്നെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പുനരധിവാസത്തിനും അതുമായി ബന്ധപ്പെട്ട് അവരുടെ രക്ഷിതാക്കൾക്ക് താമസിക്കാനും കൈത്തൊഴിലുകൾ പരിശീലിപ്പിക്കാനും അതോടൊപ്പം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുമുൾപ്പെടെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സ്വയംപര്യാപ്തതയ്ക്കുവേണ്ടിയുള്ള സർക്കാർ പ്രോജക്ടിന്റെ ഭാഗമായിട്ടാണ്. ആദരണീയനായ മന്ത്രിയുടെ ഒരു പ്രത്യേക താൽപ്പര്യപ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിച്ചത്. അതിനുള്ള സ്ഥലം ഡീമാർക്ക് ചെയ്ത് അവിടുത്തെ മരങ്ങളുടെ വില തീരുമാനിച്ചു.

എന്നാൽ, ഭൂമി ഏറ്റെടുത്ത് പദ്ധതി പൂർത്തിയാക്കാൻ ഇനിയും സാധിച്ചിട്ടില്ല. കാലതാമസം നേരിടുമെങ്കിൽ ഉപയോഗാനുമതി നൽകിക്കൊണ്ടെങ്കിലും പ്രസ്തുത പദ്ധതി പൂർത്തിയാക്കണമെന്നാണ് എന്റെ ആവശ്യം. രണ്ടുവർഷമായി ഇതിന്റെ പിന്നാലെയാണ്. ഇക്കാര്യത്തിൽ അനുകൂലമായ ഒരു നടപടിയുണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, മരങ്ങളുടെ വില നിർണ്ണയിക്കുന്നതിന് വനം വകുപ്പിൽനിന്ന് ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതും ഭിന്നശേഷിക്കാർക്ക് പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനായി ടി സ്ഥലത്ത് നിൽക്കുന്ന മരങ്ങളുടെ വാല്യൂവേഷൻ നടത്തി റിപ്പോർട്ട് 10-03-2025-ന് തഹസിൽദാർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി മൂല്യനിർണ്ണയ റിപ്പോർട്ട് പരിശോധിച്ച് ഭൂമി കൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി കാഞ്ഞിരപ്പള്ളി തഹസിൽദാർ സ്വീകരിച്ചുവരികയാണ്. പ്രൊപ്പോസൽ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

നിർദേശം നൽകുന്നതും പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായാലുടൻ ഇക്കാര്യത്തിൽ കാലതാമസം കൂടാതെ തുടർനടപടി സ്വീകരിക്കുന്നതുമാണ്.

വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(3) ചങ്ങനാശ്ശേരി റവന്യൂ ടവറിലെ ലിഫ്റ്റുകളുടെ പ്രവർത്തനം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി റവന്യൂ ടവർ ആറ് നിലകളിൽ പ്രവർത്തിക്കുന്ന ഒരു കെട്ടിടമാണ്. താലൂക്കാഫീസും ട്രഷറിയുൾപ്പെടെയുള്ള 26 സർക്കാർ ഓഫീസുകളും 120-ഓളം സ്വകാര്യ സ്ഥാപനങ്ങളുമാണ് ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ദിവസേന ആയിരത്തിലധികം ആളുകൾ വിവിധ ആവശ്യങ്ങൾക്കായി ഇവിടെ വരാറുണ്ട്. എന്നാൽ റവന്യൂ ടവറിലെ ലിഫ്റ്റുകൾ പ്രവർത്തിക്കാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ടാവുകയാണ്. ടി കെട്ടിടത്തിൽ അഞ്ച് ലിഫ്റ്റ് ഡക്റ്റുകളുള്ളതിൽ മൂന്ന് ഡക്റ്റുകളിൽ ലിഫ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഒരു ലിഫ്റ്റിൽ ആളുകൾ കുടുങ്ങിയപ്പോൾ ഫയർ ഫോഴ്സ് എത്തി വാതിൽ പൊളിച്ചുമാറ്റിയാണ് അവരെ രക്ഷപ്പെടുത്തിയത്. തുടർന്ന് നാളിതുവരെ ഈ ലിഫ്റ്റ് പ്രവർത്തനക്ഷമമായിട്ടില്ല. മറ്റൊരു ലിഫ്റ്റ് 2025 ജനുവരി മാസം മുതൽ പ്രവർത്തിക്കുന്നില്ല. ടി ലിഫ്റ്റിന്റെ തകരാർ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പരിഹരിക്കുന്നതിന് കരാറുകാർ ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിച്ചിട്ടില്ല. ശേഷിക്കുന്ന പ്രവർത്തനക്ഷമമല്ലാത്ത ഒരു ലിഫ്റ്റ് നിരന്തരമായ ഉപയോഗംമൂലം കഴിഞ്ഞ കുറെ ദിവസങ്ങളായി തകരാറിലാണ്. പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് ചങ്ങനാശ്ശേരി റവന്യൂ ടവറിലെ അഞ്ച് ഡക്റ്റുകളിലും ലിഫ്റ്റുകൾ പ്രവർത്തിക്കുന്ന രീതിയിൽ ക്രമീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതെല്ലാം യാഥാർത്ഥ്യമായതുകൊണ്ട് അത് ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. പക്ഷേ അങ്ങ് പറയാതെപോയ പ്രധാനപ്പെട്ട പ്രശ്നം, ചങ്ങനാശ്ശേരി റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന സർക്കാർ കാര്യാലയങ്ങളിൽനിന്ന് 216.29 ലക്ഷം രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽനിന്ന് 46.46 ലക്ഷം രൂപയും കുടിശ്ശികയിനത്തിൽ ബോർഡിന് ലഭിക്കേണ്ടതായിട്ടുണ്ട്. ബോർഡിന് ലഭിക്കേണ്ട വാടക കൃത്യമായി ലഭിക്കാത്തതിനാൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ലിഫ്റ്റ് മാറ്റി സ്ഥാപിക്കൽ, നിലവിലുള്ള ലിഫ്റ്റിന്റെ എ.എം.സി. പുതുക്കി നൽകൽ എന്നിവ യഥാസമയം ചെയ്യാൻ ബോർഡിന് സാധിക്കുന്നില്ല. ഫണ്ടിന്റെ

അപര്യാപ്തതമൂലമാണ് പുതിയ ലിഫ്റ്റുകൾ സ്ഥാപിച്ച് പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സാധിക്കാതെ വരുന്നത്. ബഹുമാനപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ഇത് സംബന്ധിച്ച് നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെകൂടി സഹായം സ്വീകരിച്ചുകൊണ്ട് ഇത് സമാഹരിക്കാനായാൽ റവന്യൂ ടവറിലെ പോരായ്മകളുമായി ബന്ധപ്പെട്ട പരാതികൾക്ക്/ പ്രശ്നങ്ങൾക്ക് എത്രയുംവേഗം ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കും.

(4) <u>കസബ ശാന്തിനഗർ നിവാസികളുടെ പട്ടയ പ്രശ്നം</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ പുതിയങ്ങാടി വില്ലേജിൽ ശാന്തിനഗർ കോളനിയിലെ പട്ടയ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. 2011-ലെ സർക്കാർ ഹൗസിങ് ബോർഡുമുഖേന 217 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 196 പേർക്ക് നേരത്തെ പട്ടയമുള്ളതാണ്. പക്ഷേ, ഈ 217 വീടുകളിൽ ഒന്നിനും ഇന്നും പട്ടയം നൽകിയിട്ടില്ല. ആ വീടുകൾ ഒരുപാട് പ്രശ്നത്തിൽ കിടക്കുകയാണ്. എന്നാൽ വീട് നിർമ്മിച്ച് നൽകിയ പട്ടയ ഭൂമിയുടെ രേഖകൾ നൽകാത്തതിനാൽ കോർപ്പറേഷൻ

വീട്ടുനമ്പർ നൽകിയിട്ടില്ല. നിലവിൽ വീട് ലഭ്യമായവരുടെ രേഖകൾ പരിശോധിച്ച് പട്ടയം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിനുപുറമേ കടലിൽനിന്ന് 30 മീറ്റർ പരിധി നിശ്ചയിച്ചാണ് കെ.എസ്.എച്ച്.ബി. (Kerala State Housing Board) വീടുകൾ നിർമ്മിച്ച് നൽകിയത്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്ക് കുറേയൊക്കെ ഈ പ്രശ്നങ്ങൾ അറിയാവുന്നതാണ്. 2011-ലാണ് ടി വീടുകൾ നിർമ്മിച്ച് നൽകിയത്. അത് പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു മീറ്റിങ് വിളിച്ചുചേർത്തിട്ടുണ്ട്. അവരുടെ ദീർഘകാലത്തെ ആവശ്യമായ പട്ടയപ്രശ്നം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ ഗൗരവമായിട്ടുള്ളൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഈ പ്രശ്നത്തിന് ദീർഘകാലത്തെ പഴക്കമുണ്ട്. ഈ വിഷയത്തിൽ ഒരുപാട് സാങ്കേതിക പ്രശ്നങ്ങളുണ്ട്. ഞാനും ബഹുമാനപ്പെട്ട അംഗവും ചേർന്ന് മറ്റ് ചില പരിപാടികൾക്കുമായി ശാന്തിനഗർ കോളനിയിൽ പോയിരുന്നു.

കടൽഭിത്തിയിൽനിന്ന് ഏതാണ്ട് 50 മീറ്ററിനുള്ളിലുള്ളവരെ വർഷന്തോറും കടൽക്ഷോഭം നടക്കുന്ന പ്രദേശങ്ങളിൽനിന്ന് സ്ഥിരമായി മാറ്റിപ്പാർപ്പിക്കേണ്ടി വരുന്ന പ്രശ്നമുണ്ട്. പല തരത്തിലുള്ള വിഷയങ്ങളാണ് ഇതുമായി ബന്ധപ്പെട്ടുള്ളത്. പുനർഗേഹം പദ്ധതിയിൽ അനുവദിക്കുന്ന 10 ലക്ഷം രൂപ വിനിയോഗിച്ച് പരിസരപ്രദേശങ്ങളിൽനിന്ന് ഭൂമി വാങ്ങാൻ കഴിയാത്തതുകൊണ്ട് അവർക്ക് ആ പദ്ധതിയിൽ താൽപര്യമില്ല. പുനർഗേഹം പദ്ധതിവഴി 10 ലക്ഷം രൂപ നൽകിക്കൊണ്ടും കോളനിയിലെ പ്രശ്നം തീരുന്നതല്ല. ശാന്തിനഗർ കോളനിയിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനായി ഒന്നിലേറെ വിഷയങ്ങളുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുകയാണ്.+ പുനരധിവാസ പ്രശ്നത്തിൽ കൈവശക്കാരുടെകൂടി അഭിപ്രായം കണക്കിലെടുത്തുകൊണ്ട് മാത്രമേ അന്തിമമായ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് നേരിട്ട് സ്ഥലപരിശോധന നടത്തി താമസക്കാരുടെ അഭിപ്രായം കൂടി ആരാഞ്ഞ് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ടുകൂടി കിട്ടിയതിനുശേഷം ബഹുമാനപ്പെട്ട അംഗത്തെയും അവരുടെ പ്രതിനിധികളെയും ജില്ലാ

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഭരണകൂടത്തെയും പങ്കെടുപ്പിച്ചുകൊണ്ടൊരു യോഗം നടത്താവുന്നതാണെന്ന് അറിയിക്കുകയാണ്.

## (5) വേമ്പനാട് കായൽ ഡ്രഡ്ജിംഗ്

ശ്രീ. ടി. ജെ. വിനോദ്: സർ, വേമ്പനാട് കായലിലെയും കൈവഴികളിലെ ചെറിയ കനാലുകളിലെയും അടിത്തട്ടിൽ എക്കലും മറ്റും അടിഞ്ഞതുമൂലം ജലസംഭരണി കുറഞ്ഞതാണ് കൊച്ചി നഗരത്തിലെ വേലിയേറ്റത്തിന്റെ പ്രധാന കാരണം. തീരദേശ മേഖലയിൽ മാത്രമല്ല, കൊച്ചി നഗരത്തിന്റെ താഴ്ന്ന പ്രദേശങ്ങളിലും പ്രത്യേകിച്ച്, കടവന്ത്ര, ചെലവന്നൂർ, തേവര, പനമ്പിള്ളി നഗർ, കോന്തുരുത്തി, കൊറുങ്കോട്ട, താന്തോന്നി തുരുത്ത്, ചിറ്റൂർ, വടുതല പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂക്ഷമാണ്. നഗരമധ്യത്തിലുള്ള കലൂർ ജഡ്ജസ് അവന്യൂവിൽപോലും അതീവ രൂക്ഷമായ വേലിയേറ്റം മൂലമുള്ള വെള്ളക്കെട്ടാണ്. ഇത് പരിഹരിക്കുന്നതിന് പല രീതിയിലുള്ള ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും യാതൊരു പരിഹാരവുമുണ്ടാകുന്നില്ല. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഇതിനായി ഒരു യോഗം വിളിച്ചിരുന്നു. പക്ഷേ, ആ യോഗത്തിൽ പല തീരുമാനങ്ങളുമെടുത്തെങ്കിലും ആ

തീരുമാനങ്ങളിൽ പലതും നടപ്പാക്കാൻ കഴിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. 2018-ലും 2019-ലും വെള്ളപ്പൊക്കംമൂലം പുഴയിൽ എക്കലും മണ്ണും അടിഞ്ഞുകൂടിയതിനെത്തുടർന്ന് വേമ്പനാട് കായലിന്റെ സംഭരണശേഷി നഷ്ടപ്പെട്ടിരിക്കുകയാണ്. കൂടാതെ, വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്ക് റെയിൽവേ ROB (Road Over Bridge) നിർമ്മിച്ചപ്പോൾ ഉണ്ടാക്കിയ ബണ്ടുപോലും നമുക്ക് പൊളിക്കാൻ കഴിഞ്ഞിട്ടില്ല. 2021-ൽ ഇതുമായി ബന്ധപ്പെട്ട് സബ്മിഷനുകൾ ഉന്നയിച്ചതാണ്. വേലിയേറ്റം മൂലമുള്ള ഈ വെള്ളക്കെട്ടിന് ശാസ്ത്രീയമായ പഠനം നടത്തി പരിഹാരം കണ്ടെത്തുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇതേ വിഷയം ശ്രദ്ധക്ഷണിക്കലായി അവതരിപ്പിച്ചപ്പോഴും ഞാൻ മറുപടി പറഞ്ഞതാണ്. ഇതുസംബന്ധിച്ച് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു യോഗം ചേരുകയും ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു. അത് പ്രാവർത്തികമാക്കേണ്ടതായുണ്ട്. ഇതിൽ പ്രധാനപ്പെട്ട വിഷയം ബഹുമാനപ്പെട്ട

അംഗം സൂചിപ്പിച്ചതുപോലെ ശാസ്ത്രീയമായ പഠനവും നടപടികളും അനിവാര്യമായിട്ടുണ്ട്. വേലിയേറ്റം മൂലമാണ് ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നത്. 2018-19-ലെ പ്രളയകാലത്ത് എക്കലും മണലും അടിഞ്ഞുകൂടി ജലസംഭരണശേഷി കുറഞ്ഞുവെന്നുള്ള പ്രധാനപ്പെട്ട വിഷയത്തെ അഡ്രസ്സ് ചെയ്താൽ മാത്രമേ ഈ വിഷയം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം കാര്യങ്ങളിൽ ശാസ്ത്രീയമായ പഠനം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ആലോചിക്കുന്നതാണ്. ഗൗരവപൂർവമായ ഈ വിഷയത്തിൽ വീണ്ടും ചർച്ച നടത്തിപരിഹാരം കണ്ടെത്താൻ ശ്രമിക്കാം.

(6) <u>കല്യാശ്ശേരിയിലെ റഗുലേറ്റർ കം ബ്രിഡ്ജിന് പുതിയ ഷട്ടർ</u>

<u>ശ്രീ. എം. വിജിൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഭൂരിഭാഗം പഞ്ചായത്തുകളും തീരദേശ പഞ്ചായത്തുകളാണ്. വേനൽക്കാലമായതിനാൽ ഉപ്പുവെള്ളം കയറി കിണറുകളിലെ കുടിവെള്ളം ഉപയോഗിക്കാൻ സാധിക്കാത്ത നിലയിലേയ്ക്ക് മാറിയിരിക്കുകയാണ്. ഉപ്പുവെള്ളം കയറുന്നതിനാൽ 25 ഏക്കറിൽ അധികം ഭൂമി കൃഷി ചെയ്യാൻ സാധിക്കാതെ ഭൂമി തന്നെ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. കർഷകരുടെ നെല്ല്, ഉഴുന്ന്, പയർ കൃഷി

പൂർണ്ണമായും നശിച്ചു. ആരോഗ്യ പ്രശ്നങ്ങളും ഇതിന്റെ ഭാഗമായി രൂക്ഷമാണ്. നിയോജകമണ്ഡലത്തിലെ കണ്ണപുരം, ചെറുകുന്ന്, മാടായി, ഏഴോം, പട്ടുവം പഞ്ചായത്തുകളിൽ അതിരൂക്ഷമായ സാഹചര്യമാണുള്ളത്. മറ്റ് പഞ്ചായത്തുകളിലും ഈ പ്രശ്നം നിലനിൽക്കുകയാണ്. നേരത്തെതന്നെ മുട്ടിൽകാപ്പ് ആർ.സി.ബി.-യുടെയും ബാപ്പുക്കൽ തോടിന് കുറുകെ മുണ്ടപ്രം ആർ.സി.ബി.-യുടെയും എസ്റ്റിമേറ്റ് തയ്യാറായി ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം നട്ടിക്കടവ് ആർ.സി.ബി.-യുടെ നിർമ്മാണത്തിന് 8 കോടി രൂപ ബജറ്റിൽ പാസാക്കിയതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കേണ്ടതുമുണ്ട്. ഇരിണാവ് ആർ.സി.ബി. നേരത്തെതന്നെ ഉപയോഗശൂന്യമായതാണ്. ഉപയോഗശൂന്യമായ ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിച്ചാൽ അതും ഉപ്പുവെള്ള പ്രതിരോധത്തിന് വലിയ സഹായകമാകും. ഇതെല്ലാം പരിഗണിച്ചുകൊണ്ട് മാറ്റങ്ങൾ വരുത്താനും എസ്റ്റിമേറ്റ് തയ്യാറാക്കിയ പദ്ധതികൾക്ക് തുക അനുവദിക്കാനും പുഴയോരങ്ങൾ മണൽതിട്ട കെട്ടുന്നതിനും സംരക്ഷണഭിത്തി സ്ഥാപിക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിച്ചുകൊണ്ട് ഈ രൂക്ഷമായ

ഉപ്പുവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+ പ്രധാനമായും ഉപ്പുവെള്ളം കയറുന്നതിലൂടെ കൃഷിയിടങ്ങൾ നഷ്ടപ്പെടുകയും ആരോഗ്യ പ്രശ്നങ്ങൾ രൂക്ഷമാകുകയും ചെയ്യുന്നുവെന്ന കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. നിലവിലുള്ള ആർ.സി.ബി.-കളുടെ നിർമ്മാണപ്രവർത്തനത്തോടൊപ്പം റിപ്പയർ ചെയ്യേണ്ടവ കൂടി ബന്ധപ്പെടുത്തി സമഗ്രമായൊരു പദ്ധതിയാണ് നിലവിലുള്ളത്. അത് വളരെ അടിയന്തരമായി പ്രാവർത്തികമാക്കാൻ സാധ്യമാകുന്ന തലത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും ഈ വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്.

(7) ഇടുക്കി ജില്ലയിലെ നിർമ്മാണ സാമഗ്രികളുടെ അഭാവം

ശ്രീ. വാഴൂർ സോമൻ: സർ, ഇടുക്കി ജില്ലയിലെ പീരുമേട് നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികളിലുൾപ്പെടുത്തി ആരംഭിച്ച

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനാവശ്യമായ നിർമ്മാണ സാമഗ്രികൾ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അവിടെ പ്രവർത്തിച്ചിരുന്ന ക്രഷറുകൾക്ക് തുടർപ്രവർത്തനത്തിന് അനുവാദം നൽകാത്തതും പുതിയ ക്രഷറുകൾ അനുവദിക്കാത്തതുമാണ് ഈ പ്രതിസന്ധിക്ക് പ്രധാന കാരണം. പീരുമേടിൽ കഴിഞ്ഞ 5 വർഷക്കാലമായി ഒരു ക്രഷറിന് മാത്രമാണ് അനുവാദം നൽകിയിട്ടുള്ളത്. അതും നിലവിൽ യന്ത്രതകരാർ എന്ന കാരണത്താൽ പൂട്ടിയിട്ടിരിക്കുകയാണ്. നിലവിൽ തമിഴ്നാട്ടിലെ തേനിയിൽ നിന്നാണ് ഇടുക്കി ജില്ലയിലേക്ക് കല്ലുകളും മെറ്റലും മറ്റും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. 100 കിലോ മീറ്ററോളം അകലം വരുന്ന സ്ഥലത്തുചെന്ന് ഭീമമായ തുകയ്ക്കാണ് കരാറുകാർ നിർമ്മാണസാമഗ്രികൾ ഇടുക്കിയിലേക്കെത്തിക്കുന്നത്. ഇതുമൂലം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട നികുതിയും ലഭിക്കുന്നില്ല. നിലവിൽ തമിഴ്നാട്ടിലെ ക്രഷറുകൾ ഇ-പാസ്സ് ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അവിടെയും അവർ സമരത്തിലാണ്. 16 വർഷമായി തകർന്നുകിടന്ന വണ്ടിപ്പെരിയാർ, പശ്ചിമമല, പ്ലാമല റോഡ് പുനർനിർമ്മിക്കാൻ പി.ഡബ്ല്യു.ഡി. തുക അനുവദിക്കുകയും കഴിഞ്ഞ ഫെബ്രുവരി 27-ന് നിർമ്മാണ

പ്രവർത്തനങ്ങൾ ആരംഭിച്ചതാണ്. എന്നാൽ ലെവൽസ് റിപ്പോർട്ട് ചെയ്തതിനുശേഷം നിർമ്മാണ സാമഗ്രികൾ ലഭിക്കാത്തതിനാൽ അവിടെ റോഡ് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പരിസ്ഥിതിയുടെ പ്രശ്നം പറഞ്ഞ് കല്ല് പൊട്ടിക്കാൻ അനുവാദം കൊടുക്കാത്തത് വളരെ ഖേദകരമാണ്. ഇടുക്കി ജില്ലയേക്കാളും പരിസ്ഥിതിലോല പ്രദേശങ്ങളുള്ള പല രാജ്യങ്ങളിലും വൻകിട കെട്ടിട നിർമ്മാണങ്ങളും റോഡ് നിർമ്മാണവും നടക്കുന്നത് ശാസ്ത്രീയമായി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. അതോടൊപ്പം, ഇടുക്കി ജില്ലയിലെ കർഷകർക്ക് കൃഷിയിടം നനയ്ക്കുന്നതിനുവേണ്ടി കുളം നിർമ്മിക്കാൻ വേണ്ടിയുള്ള അപേക്ഷ ജിയോളജിസ്റ്റിന് നൽകുമ്പോൾ ജിയോളജി ഉദ്യോഗസ്ഥർ പരിശോധിക്കുകയും അത് RDO-യുടെ നേതൃത്വത്തിൽ വീണ്ടും പരിശോധന നടത്തി വീണ്ടും സർക്കാരിന്റെ അനുവാദം വാങ്ങിക്കണമെന്ന നിയമമാണ് നിലവിലുള്ളത്. ഇങ്ങനെ നൂറുകണക്കിന് അപേക്ഷകൾ തീരുമാനമാകാതെ കെട്ടികിടക്കുകയാണ്. അതോടൊപ്പം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികളും സർക്കാരിന്റെ ഫണ്ടുപയോഗിച്ചുള്ള റോഡ് നിർമ്മാണവും

എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളുമൊന്നുംതന്നെ മാർച്ച് മാസം കഴിയാറായിട്ടും ആരംഭിക്കാൻ കഴിയാത്തത് ഖേദകരമാണ്. ഈ സാഹചര്യത്തിൽ ശാസ്ത്രീയ പഠനം നടത്തി നിബന്ധനകൾക്ക് വിധേയമായി ക്വാറികൾക്ക് അനുവാദം നൽകിയോ അല്ലെങ്കിൽ നദികളിൽ വെള്ളത്തിന്റെ ഒഴുക്കിന് തടസ്സമായി കുന്നുകൂടി കിടക്കുന്ന വൻകിട പാറകൾ പൊട്ടിച്ചുമാറ്റി ടി നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ പാറ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇടുക്കി ജില്ലയുടെ അർബൻ റിപ്പോർട്ടുപ്രകാരം 41.5 ശതമാനം വനഭൂമിയാണുള്ളത്. അതോടൊപ്പം ഉരുൾപൊട്ടൽ സാധ്യതാ മേഖല, വന്യജീവി സങ്കേതങ്ങളുടെ ബഫർ സോൺ, ഭൂപതിവ് ചട്ടങ്ങൾ പ്രകാരം മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന കോടതി വിധികൾ ഇതിന്റെയെല്ലാം ഭാഗമായ പ്രദേശമാണത്. ബഹുമാന്യനായ അംഗം പറഞ്ഞത് ശരിയാണ്, പുതിയ ക്രഷറുകൾക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യം

കോടതി വിധികളുടെയും നിയമങ്ങളുടെയും ഭാഗമായി വന്നിട്ടുണ്ട്. റവന്യൂ ഭൂമിയാണെങ്കിൽ സർക്കാരിന് ലേലം ചെയ്തുകൊടുക്കാനുള്ള സംവിധാനം പുതുതായി വ്യവസ്ഥയിൽ വന്നിട്ടുണ്ട്. അത് കളക്ടർമാരുടെ എൻ.ഒ.സി.-ക്ക് അനുസരിച്ച് റവന്യൂ വകുപ്പ് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. 47 വില്ലേജുകളാണ് പരിസ്ഥിതിലോല പ്രദേശങ്ങളിലുൾപ്പെട്ടിട്ടുള്ളത്. അവിടെയും നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. നിലവിൽ പതിനൊന്ന് ക്വാറിയിങ് ലീസും ഒരു ക്വാറിയിങ് പെർമിറ്റും പീരുമേട് താലൂക്കിൽ ഒരു ക്വാറിയിങ് ലീസ് എന്നിവയാണ് അനുവദിച്ചിട്ടുള്ളത്. പീരുമേട് താലൂക്കിൽ കാലാവധിയുള്ള രണ്ട് ക്വാറിയിങ് ലീസുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. പീരുമേട് താലൂക്കിൽനിന്നും ആറ് അപേക്ഷകളും ഉടുമ്പൻചോല താലൂക്കിൽനിന്നും മൂന്ന് അപേക്ഷകളും ഇടുക്കി താലൂക്കിൽനിന്നും ഒരു അപേക്ഷയും ഇടുക്കി ജില്ലാ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. അതിന് തുടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതുപോലെ കുളം കുഴിക്കുന്നതിനായി ആർ.ഡി.ഒ., കൃഷി ഓഫീസർ, ജിയോളജിസ്റ്റ് ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിനാണ്

ചട്ടം 104 പ്രകാരം അനുമതി നൽകാൻ കഴിയുന്നത്. അതിൽ ഇപ്പോൾ ജില്ലാതലത്തിൽ 51 അപേക്ഷ ലഭിച്ചിട്ടുണ്ട്. അതിൽ 3 എണ്ണത്തിന് അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ചട്ടപ്രകാരം പ്രൊസീജ്യറുകൾ പാലിച്ചുകൊണ്ടുമാത്രമേ അനുമതി നൽകാൻ കഴിയുകയുള്ളൂ. അത് പരമാവധി വേഗത്തിലാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. പട്ടയത്തിന് നൽകിയിട്ടുള്ള ഭൂമിയിൽ പുതിയ ചട്ടങ്ങൾ വരുന്നതിനനുസരിച്ച് ആ ചട്ടങ്ങൾക്കനുസൃതമായി തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

<u>മി. സ്പീക്കർ</u>: വിദേശ രാജ്യങ്ങളിലെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണം നടക്കുന്നുണ്ടെന്നും നമ്മുടെ രാജ്യത്താണ് ഇത്തരം പ്രശ്നങ്ങളുള്ളതെന്നുമാണ് അദ്ദേഹം പറഞ്ഞത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ഇന്ത്യയിൽ നിലനിൽക്കുന്ന നിയമങ്ങൾക്കനുസരിച്ചുമാത്രമേ നമുക്ക് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. മിക്കവാറും പാരിസ്ഥിതികമായ നിയമങ്ങളെല്ലാം സെൻട്രൽ നിയമങ്ങളാണ്. ഇത് യൂണിയൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. രാജ്യത്തെ നിയമങ്ങളും കാലോചിതമാക്കുന്നതിന് ആവശ്യമായ നടപടി

സ്വീകരിക്കുന്നതാണ്. അങ്ങ് ചൂണ്ടിക്കാട്ടിയത് വളരെ പ്രസക്തമാണ്. പലയിടങ്ങളിലും കടലിനുള്ളിലാണ് റിസോർട്ടുകളുള്ളത്. എന്നാൽ കേരളത്തിലും ഇന്ത്യയിലും ഇത് അനുവദനീയമല്ല. ഇത്തരം പല വ്യത്യാസങ്ങളുമുണ്ട്.

(8) കശുവണ്ടിയുടെ ന്യായവിലയും സംഭരണവും

ശ്രീ. സജീവ് ജോസഫ്: സർ, കേരളത്തിന്റെ സവിശേഷ കൃഷിയായി വളർന്നുവന്ന കാശുമാവ് കൃഷിയെ സംരക്ഷിക്കാനും കശുവണ്ടിക്ക് ന്യായമായ വില ഏർപ്പെടുത്തി സംഭരണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശക്തമായി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാശുമാവ് കൃഷിയുണ്ടായിരുന്ന കേരളം ഇന്നിപ്പോൾ ആറാം സ്ഥാനത്തേയ്ക്ക് പോയിരിക്കുകയാണ്. മഹാരാഷ്ട്രയാണ് ഈ രംഗത്ത് മുന്നിൽ നിൽക്കുന്നത്. ഉൽപാദനം കുറഞ്ഞതും വിലയില്ലായ്മയുമാണ് ഈ രംഗത്ത് തിരിച്ചടി നേരിടാനുള്ള പ്രധാന കാരണം. കശുവണ്ടി കൃഷിക്ക് പ്ലാന്റേഷൻ സ്റ്റാറ്റസ് കൊടുക്കാത്തതും ടി കൃഷി പിന്തള്ളപ്പെടാൻ ഒരു പ്രധാനപ്പെട്ട കാരണമായിട്ടുണ്ട്. ലോകത്തുതന്നെ ഏറ്റവും ഡിമാന്റുള്ള കശുവണ്ടിയാണ്

കണ്ണൂരിലെ കശുവണ്ടി. കർഷകർ വളരെയേറെ ദുരത്തിലൂടെയാണ് കടന്നുപോകുന്നത്. ഉൽപാദച്ചെവിന് ആനുപാതികമായ വില ലഭിക്കുന്നില്ല. കഴിഞ്ഞവർഷം 114 രൂപയാണ് സർക്കാർ താങ്ങുവിലയായി നിശ്ചയിച്ചതെങ്കിലും അതിന് സംഭരണംപോലും നടന്നില്ലെന്നതാണ് യഥാർത്ഥ്യം. അതിന്റെ പരിപ്പിന്റെ വില കണക്കിലെടുക്കുമ്പോൾ കശുവണ്ടിയ്ക്ക് 250 രൂപയെങ്കിലും കൊടുക്കാൻ സാധിക്കും. യഥാർത്ഥത്തിൽ, മാർക്കറ്റിൽ 155-160 രൂപ ലഭിക്കുമ്പോഴാണ് സർക്കാർ 110/- രൂപ താങ്ങുവിലയായി പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് ശരിക്കും നിരാശാജനകമാണ്. എന്തിനാണ് ഈ താങ്ങുവില? ഇനിയും വില കുറയുമോയെന്ന ഉൽകണ്ഠയിലാണ് കർഷകർ. ഇപ്പോൾ ലഭിച്ചുകൊണ്ടിരുന്ന സബ്സിഡി കർഷകർക്ക് ലഭിക്കുന്നില്ല. ഇത്തരം പ്രശ്നങ്ങളിന്മേൽ നടപടിയുണ്ടാകണം. താങ്ങുവില 250/- രൂപയായി നിശ്ചയിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ പൂകരിച്ചിൽ പോലുള്ള നിരവധികാരണങ്ങളാൽ ഉൽപാദനം കുറയുന്നതുമായി ബന്ധപ്പെട്ട് ഒരു പഠനം ഗൗരവമായി നടത്തേണ്ടതുണ്ട്. കാശുമാമ്പഴം ഉപയോഗപ്പെടുത്താൻ കഴിയുന്ന കാര്യമാണ്. നമുക്ക് കോടികണക്കിന് രൂപയുടെ കാശുമാമ്പഴമാണ്

നഷ്ടപ്പെടുന്നത്. ഗോവ മോഡൽ ഫെനിയും സോഫ്റ്റ് ഡ്രിങ്കുമൊക്കെയുണ്ടാകാൻ സർക്കാർ അനുമതി നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കണമെന്ന് അഭ്യർഥിക്കുന്നു. കണ്ണൂരിലെ ഏറ്റവും മികച്ച കണ്ണൂർ ബ്രാൻഡ് കശുവണ്ടി കൂടുതൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. അതിന്റെ സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. സാധിക്കുമെങ്കിൽ കണ്ണൂരിൽ ഒരു കശുവണ്ടി ഫാക്ടറി ആരംഭിക്കാൻ മുൻകൈയെടുക്കണമെന്നുകൂടി അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കശുവണ്ടിയുടെ വില നിർണ്ണയത്തിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നൊരു കമ്മിറ്റിയുണ്ട്. 2024-ൽ നാടൻ തോട്ടണ്ടിക്ക് കിലോയ്ക്ക് 105/-രൂപയാണ് നിശ്ചയിച്ചിരുന്നത്. 2025-ൽ ആദ്യ വില നിർണ്ണയ സമിതിയുടെ യോഗം 110/- രൂപ നിശ്ചയിച്ചെങ്കിലും 11-03-2025-ൽ യോഗം ചേർന്ന് 140/- രൂപ അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ട്. പരിപ്പിന് വിലയുണ്ടെങ്കിലും 250/- രൂപയ്ക്ക് കൊടുത്താലും പ്രശ്നമില്ലെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഈ നിലയ്ക്ക് സംഭരണം നടത്തിയിട്ടുപോലും

പ്രോസസ്സിംഗ് റേറ്റ് വർധിക്കുമ്പോൾ വിപണിയിൽ കശുവണ്ടി വിൽക്കാൻ കഴിയാതെ നഷ്ടം വരുന്നുവെന്നത് യഥാർഥ്യമാണ്. ഇതിന് പരമാവധി വില നൽകാനാണ് ശ്രമിക്കുന്നത്. ഇതുകൂടാതെ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കശുമാവ് തൈയുടെ പ്രോത്സാഹനത്തിനുവേണ്ടി KSACC -Kerala State Agency for the expansion of Cashew Cultivation പ്രവർത്തിക്കുന്നുണ്ട്. 48135 ഹെക്ടറിൽ വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. പക്ഷെ ഇത് ഡിസെൻട്രലൈസ് ചെയ്തുകൊണ്ട് പ്രൊക്വായർമെന്റിന് ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ആഭ്യന്തരമായ പ്രൊക്വായർമെന്റിന് കശുവണ്ടി ബോർഡിനെ ടെൻഡർ വിളിച്ച് തുടർ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 20000 മെട്രിക് ടൺ കശുവണ്ടി പുറത്തുനിന്നും നമ്മൾ ഇറക്കുമതി ചെയ്തിരുന്നു. കശുമാവിൽനിന്ന് വീര്യമുള്ള മദ്യം ഉൾപ്പെടെ ഉൽപാദിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നൊരു നിർദേശം അദ്ദേഹം മുന്നോട്ടുവച്ചിട്ടുണ്ട്. ഇനി അത് തീരുമാനമായി വരുമ്പോൾ പുതിയ പ്രശ്നങ്ങളൊന്നും ഉണ്ടാക്കാതിരുന്നാൽ മതി. എന്തായാലും അത്തരം കാര്യങ്ങൾ പൊതുവിൽ ചർച്ച ചെയ്യാവുന്നതാണ്.

(9) എൻ.എച്ച്-66-ൽ കായംകുളത്തെ അടിപ്പാത-മേൽപ്പാല നിർമ്മാണം

ശ്രീമതി യു. പ്രതിഭ: സർ, ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒ.എൻ.കെ. ജംഗ്ഷൻ അടക്കമുള്ള കായംകുളം നിയോജകമണ്ഡലത്തിലെ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഈ സബ്മിഷനിലൂടെ നൽകണമെന്നാണ് ആദ്യമായി അഭ്യർഥിക്കുന്നത്. 13 കിലോമീറ്റർ ദേശീയപാത കടന്നുപോകുന്ന നിയോജകമണ്ഡലമാണ് കായംകുളം. അവിടെ എസ്.വി.യു.പി., എച്ച്.വി.യു.പി. എന്നിങ്ങനെ ഏകദേശം അഞ്ചോളം അടിപ്പാതകളുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. സുനാമി വന്നസമയത്ത് ഏറ്റവും കൂടുതൽ രക്ഷാപ്രവർത്തനം നടത്താൻ കഴിഞ്ഞൊരു റോഡാണ് ആറാട്ടുപ്പുഴയും കായംകുളവുമായി ബന്ധിപ്പിക്കുന്ന ഒ.എൻ.കെ. റോഡ്. പ്രസ്തുത റോഡിന്റെ അടിപ്പാത സംബന്ധിച്ച് കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് തെറ്റായ പ്രചരണങ്ങളാണ് കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും ഭാഗത്തുനിന്നുണ്ടായത്. ഈ നാടിനെ വെട്ടിമുറിച്ചവർക്ക് വോട്ടില്ലെന്ന തരത്തിൽ നാട് മുഴുവൻ ബോർഡ്

വച്ചു. ദേശീയപാത വികസനത്തെ വോട്ട് രാഷ്ട്രീയം കണ്ടുകൊണ്ടാണ് പലപ്പോഴും കോൺഗ്രസ്സും ബി.ജെ.പി.-യെയും ജനങ്ങൾക്കിടയിൽ തെറ്റിദ്ധരിപ്പിക്കുന്നത്. ഒ.എൻ.കെ. ജംഗ്ഷനിൽ അടിപ്പാതയാണോ എലിവേറ്റഡ് ഹൈവേയാണോ അഭികാമ്യമെന്ന് പറയാൻ സാധിക്കുന്നത് ഹൈവേ അതോറിറ്റിക്കാണ്. എന്നാൽ, ഹൈവേ അതോറിറ്റി അക്കാര്യത്തിൽ ഇരട്ടതാപ്പ് കാണിക്കുകയാണ്. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതിന്റെ ഭാഗമായി വലിയ സമരങ്ങളൊക്കെ അവിടത്തെ ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടായി. ഇത് വലിയൊരു വിഷയമാണ്.

<u>മി. സ്പീക്കർ</u>: എല്ലാ അംഗങ്ങളും സഭയിൽ ഉന്നയിക്കുന്നത് വലിയ വിഷയങ്ങളാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഇതുസംബന്ധിച്ച് കളക്ടേറ്റിൽ മൂന്ന് യോഗങ്ങൾ ചേരുകയും തുടർന്ന്, കളക്ടറും ദേശീയപാത അതോറിറ്റിയും ഉറപ്പുനൽകിയിയെങ്കിലും നാളിതുവരെ എന്താണ് അവിടെ നടക്കാൻ പോകുന്നതെന്നതിനെക്കുറിച്ച് യാതൊരു വ്യക്തതയും നൽകിയിട്ടില്ല. ഇപ്പോഴും വലിയ രാഷ്ട്രീയ മുതലെടുപ്പാണ് അവിടെ നടക്കുന്നത്. അതുകൊണ്ട് ഒ.എൻ.കെ.

ജംഗ്ഷനിൽ മേൽപാലമാണോ അടിപ്പാതയാണോ വേണ്ടതെന്ന കാര്യത്തിൽ വ്യക്തത വരുത്തണമെന്നും അതിനോടൊപ്പം അവിടത്തെ വെള്ളക്കെട്ട് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുകയും അവിടെയൊരു രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ആരെയും അനുവദിക്കരുതെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. കായംകുളം നിയോജകമണ്ഡലത്തിലെ അംഗമെന്ന നിലയിൽ ശ്രീമതി യു. പ്രതിഭ ടി പ്രശ്നങ്ങൾ നേരിട്ടും സഭയിലും ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ട് പല പ്രശ്നങ്ങളും പരിഹരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കായംകുളം നിയോജകമണ്ഡലത്തിൽ 7 അടിപ്പാതകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് ദേശീയപാത അതോറിറ്റി അറിയിക്കുന്നു. ഓച്ചിറ, കായംകുളം കൃഷ്ണപുരം, കായംകുളം കെ.പി.എ.സി. ജംഗ്ഷൻ, കായംകുളം

കെ.എസ്.ആർ.ടി.സി., കായംകുളം-ഒ.എൻ.കെ. ജംഗ്ഷൻ, പുട്ടേൻ റോഡ് എന്നിവിടങ്ങളിലാണ് വ്യത്യസ്ത തരത്തിലുള്ള അണ്ടർപാസുകൾ അംഗീകരിച്ചിട്ടുള്ളത്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.* അതിന്റെ കോപ്പി എം.എൽ.എ.-യ്ക്ക് കൈമാറുകയും ചെയ്യാം. ഇതുസംബന്ധിച്ച് എന്തൊക്കെ പ്രചരണങ്ങൾ നടന്നാലും ജനങ്ങൾക്ക് കൃത്യമായി കാര്യങ്ങൾ അറിയാം. ആരൊക്കെ ബോധപൂർവ്വം തടയാൻ ശ്രമിച്ചാലും ഏത് പ്രതിസന്ധിയെയും തട്ടിമാറ്റി എൻ.എച്ച്-66-ന്റെ പ്രവൃത്തി പൂർത്തികരിക്കുമെന്ന് ഈ സഭയെ ഒരിക്കൽക്കൂടി അറിയാൻ ആഗ്രഹിക്കുന്നു. ന്യായമായ കാര്യങ്ങളിൽ സർക്കാർ ഇടപെട്ടിട്ടുണ്ട്. അത് ഇനിയും ജനങ്ങളുടെ ന്യായമായ പ്രശ്നങ്ങളിൽ ഇടപെട്ട് മുന്നോട്ടുപോകും.

(10) <u>പെരുവള്ളൂർ ഐസൊലേഷൻ വാർഡ് പൂർത്തീകരണം</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരുവള്ളൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഐസൊലേഷൻ വാർഡിന്റെ പ്രവൃത്തി സ്തംഭിച്ചുകിടക്കുന്നത് അടിയന്തരമായി പൂർത്തീകരിക്കണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. 2021-ലാണ്

* അനുബന്ധമായി ചേർക്കുന്നു.

പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിച്ചത്. ഈ നാല് വർഷത്തിനിടയിൽ ടി പദ്ധതിയുടെ സെട്രക്ച്ചർപോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. തൃശ്ശൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത്. അവരെ കൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ വിഷയത്തിൽ രണ്ടോമൂന്നോ തവണ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇടപെട്ടതാണ്. ഈ വിഷയം സഭയിൽ പലതവണ അവതരിപ്പിച്ചിട്ടുള്ളതാണ്. അടിയന്തരമായി അതിന്റെ നിർമ്മാണ പ്രവർത്തനമാരംഭിച്ച് പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. മലപ്പുറം ജില്ലയിലെ മൊത്തത്തിലുള്ള ഐസൊലേഷൻ വാർഡുകളുടെ സ്ഥിതി ഇതുതന്നെയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഒരിക്കൽക്കൂടി പ്രസ്തുത വിഷയത്തിൽ ഇടപെട്ട് അടിയന്തരമായി ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഒരിക്കൽക്കൂടി ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചതുപോലെ 2021-22-ലെ പുതുക്കിയ ബജറ്റിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലാണ് 140 നിയോജകമണ്ഡലങ്ങളിലും ഐസൊലോഷൻ ബ്ലോക്ക് അനുവദിച്ചത്. അതിനുവേണ്ടി 1,75,00,000/- രൂപയാണ് ചെലവഴിക്കുന്നത്. അതിൽ പകുതി തുക എം.എൽ.എ. ഫണ്ടും പകുതി തുക കിഫ്ബിയും എന്ന നിലയിലാണ് നിർമ്മാണം നടത്തുന്നത്. ആദ്യഘട്ടത്തിൽ 88 ഐസൊലേഷൻ ബ്ലോക്കുകൾ അനുവദിച്ചതിൽ 51 എണ്ണമാണ് പൂർത്തിയാക്കിയത്. ബാക്കിയുള്ള 34 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്കാണ് ടെൻഡറിലൂടെ ഇതിന്റെ നിർമ്മാണ ചുമതല നൽകിയിരിക്കുന്നത്. ടി ഏജൻസി വർക്ക് ഏറ്റെടുത്തെങ്കിലും സാമ്പത്തിക പ്രതിസന്ധി നേരിട്ട പശ്ചാത്തലത്തിലും നിർമ്മാണസാമഗ്രികൾ ലഭ്യമല്ലെന്ന് അവർതന്നെ പറഞ്ഞതിനാലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വലിയ കാലതാമസം നേരിട്ടു. നിയമപരമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ

സർക്കാർ നിർദേശിച്ചിരുന്നു. കിഫ്ബിയും കെ.എം.എസ്.സി.എൽ.-മായി നിരവധി തവണ ചർച്ച നടത്തിയിരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പെരുവള്ളൂർ സി.എച്ച്.സി.-ൽ 2022-ലാണ് നിർമ്മാണ പ്രവൃത്തികൾക്കുള്ള ഉത്തരവ് ഇറക്കിയത്. അവിടത്തെ ഇ.പി.എസ്. വാൾപാനൽ, പഫ് റൂഫിംഗ് ഷീറ്റ് ഉൾപ്പെടെയുള്ളവയുടെ ഗുണനിലവാരംകൂടി ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. 18-11-2024-ൽ നിർമ്മാണം പുനരാംഭിക്കാനാണ് തീരുമാനിച്ചിരുന്നത്. ഇത്തരത്തിൽ തേർഡ് പാർട്ടിയെക്കൊണ്ട് ഗുണനിലവാരം പരിശോധിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ടി അയച്ചിട്ടുണ്ട്. ഗുണനിലവാര സർട്ടിഫിക്കറ്റ് ലഭിക്കുന്നമുറയ്ക്ക് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.